## പതിനാലാം കേരള നിയമസഭ
## ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 502 | 30.06.2016-ൽ മറുപടിയ്ക്ക്

## ഹാംലെറ്റ് വികസന പദ്ധതി

**ചോദ്യം**
ശ്രീ.വി.പി.സജീന്ദ്രൻ
ശ്രീ.ഐ.സി.ബാലകൃഷ്ണൻ
ശ്രീ.എ.പി.അനിൽ കുമാർ
ശ്രീ.പി.ടി.തോമസ്

**മറുപടി**
ശ്രീ.എ.കെ.ബാലൻ
(പട്ടികജാതി പട്ടികവർഗ്ഗ
പിന്നോക്കസമുദായക്ഷേമവും നിയമവും
സാംസ്കാരികവും പാർലമെന്ററികാര്യവും
വകുപ്പ് മന്ത്രി)

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| എ) | മുൻ സർക്കാർ സംസ്ഥാനത്തെ പട്ടികവർഗ്ഗക്കാർക്കായി ഹാംലെറ്റ് വികസന പദ്ധതി ആവിഷ്കരിച്ച് നടപ്പാക്കിയിട്ടുണ്ടോ; വിശദമാക്കുമോ; | എ) | ഉണ്ട്. 2013-14 സാമ്പത്തിക വർഷം 18 പട്ടികവർഗ്ഗ സങ്കേതങ്ങളിലും, 2014-15 സാമ്പത്തിക വർഷം 22 പട്ടികവർഗ്ഗ സങ്കേതങ്ങളിലും, 2015-16 വർഷം 10 പട്ടികവർഗ്ഗ സങ്കേതങ്ങളിലും ഹാംലെറ്റ് വികസന പദ്ധതി നടപ്പാക്കി വരുന്നു. |
| ബി) | എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇതു വഴി കൈവരിച്ചത്; | ബി) | പട്ടികവർഗ്ഗക്കാരുടെ ഉന്നമനം കണക്കിലെടുത്ത് അവരുടെ ജീവിത നിലവാരം ഉയർത്തുന്നതിനായി വീടുകളുടെ പുനരുദ്ധാരണം, കക്കൂസ്, കുളിമുറി എന്നിവയുടെ നിർമ്മാണം, വീട് വൈദ്യുതീകരണം, മേൽക്കൂര കോൺക്രീറ്റ്, കമ്മ്യൂണിറ്റി ഹാൾ നിർമ്മാണം, റോഡ്, പാലം എന്നിവയുടെ നിർമ്മാണം, അംഗൻവാടി റിപ്പയർ, മഴവെള്ള സംഭരണിയുടെ നിർമ്മാണം, വാലായ്മപ്പുര നിർമ്മാണം, മൃഗസംരക്ഷണം, കൃഷി വികസനം, മണ്ണ് സംരക്ഷണം, സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കൽ, സ്കൂൾ വിദ്യാർത്ഥികൾക്ക് ഫർണീച്ചർ എന്നീ ലക്ഷ്യങ്ങളാണ് ഈ പദ്ധതിയിലൂടെ നടപ്പിലാക്കിക്കൊണ്ടിരിക്കുന്നത്. |

| | | | |
|---|---|---|---|
| സി) | പദ്ധതി നിർമ്മാണത്തിനായി ഭരണതലത്തിൽ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചത്; | സി) | 2013-14 വർഷത്തിൽ 18 പട്ടികവർഗ്ഗ സങ്കേതങ്ങളിലും 2014-15 വർഷത്തിൽ 22 പട്ടികവർഗ്ഗ സങ്കേതങ്ങളിലും 2015-16 വർഷത്തിൽ 10 പട്ടികവർഗ്ഗ സങ്കേതങ്ങളിലും വിവിധ ഏജൻസികൾ മുഖേന പദ്ധതികൾ നടപ്പിലാക്കി വരുന്നു. |
| ഡി) | പദ്ധതി നടത്തിപ്പിലൂടെ എന്തെല്ലാം നേട്ടങ്ങളാണ് കൈവരിച്ചതെന്ന് വിശദമാക്കുമോ? | ഡി) | 2013-14-ൽ 18 കോളനികളും 2014-15-ൽ 22 കോളനികളും 2015-16-ൽ 10 കോളനികളിലുമായി 50 കോളനികളെ തെരഞ്ഞെടുക്കുകയും അതിൽ 4 കോളനികളിലെ പ്രവൃത്തികൾ പൂർത്തീകരിക്കുകയും ചെയ്തു. ഇവയുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു. |

Haripriya

സെക്ഷൻ ഓഫീസർ

## Completed hamlet details

| Sl no | കോളനികളുടെ പേര്, പഞ്ചായത്ത്, പ്രോജക്ട് ഓഫീസ്/റ്റി.ഡി.ഒ. | നിർവ്വഹണ ഏജൻസി | പ്രവൃത്തികൾ | കരാർ തുക | അനുവദിച്ച തുക | നിലവിലെ സ്ഥിതി. |
|---|---|---|---|---|---|---|
| 1 | • അമ്മാനി, പനമരം ഗ്രാമപഞ്ചായത്ത് റ്റി.ഡി.ഒ. മാനന്തവാടി | SIDCO | കറവപശു, ആടുവളർത്തൽ, സ്വയം തൊഴിൽ, കൃഷി വികസനം അമ്മാനി ഓർക്കാട്ടുമൂല കോളനി റോഡ് നവീകരണം - അമ്മാണി കോളനി സാംസ്കാരിക നിലയ കെട്ടിട നിർമ്മാണം- കുടിവെള്ള പദ്ധതി | 83,05,000 | 41,52,500 | പൂർത്തീകരിച്ചു. |
| 2 | • കാലിമന്ദം, തവിഞ്ഞാൽ ഗ്രാമപഞ്ചായത്ത് റ്റി.ഡി.ഒ. മാനന്തവാടി | SIDCO | മൃഗസംരക്ഷണം, സ്വയം തൊഴിൽ, കൃഷി വികസനം, കാലിമന്ദം-കാട്ടിത്തറ സാംസ്കാരിക നിലയം നവീകരണം- കാലിമന്ദം-കാട്ടിത്തറ-കരിമ്പലി കോളനി റോഡ് നവീകരണം- കാലിമന്ദം-കാട്ടിത്തറ കുടിവെള്ള പദ്ധതി- | 85,10,000 | 42,55,000 | പൂർത്തീകരിച്ചു. |
| 3 | വട്ടവട മുതുവാൻ കോളനി, വത്സപ്പെട്ടി പി.ഒ. ഇടുക്കി | Forest Dept | Maintenance of road at Anchuvetty Valavu in Anamudy Shola National Park.<br><br>Maintenance of road of Kambakkal station in Anamudy Shola National Park.<br><br>Maintenance of road from kambalakkal to Anchuvetty valavu in Anamudy Shola National Park | 13,00,000<br><br>13,50,000<br><br>13,50,000 | 45,00.000/ | പൂർത്തീകരിച്ചു |

Completed hamlet details

| | | | | | | |
|---|---|---|---|---|---|---|
| | | KAICO | ക്ഷീര വികസനം- | 500000 | | |
| | | | മേൽ വതസപ്പെട്ടി അംഗൻവാടി നിർമ്മാണം- കീഴ് വതസപ്പെട്ടി വാലായ്മപുര നിർമ്മാണം- മേൽ വതസപ്പെട്ടി വാലായ്മപുര നിർമ്മാണം- വയൽത്തറകുടി വാലായ്മ പുര നിർമ്മാണം- 8 വീടുകളുടെ നിർമ്മാണം- | 55,00,000/ | 55.00.000 | പൂർത്തീകരിച്ചു |
| 4 | • ഇയ്യക്കോട്, കല്ലാന, ചെറു നെല്ലി മൂട്, മുത്തിപ്പാറ, പെരിങ്ങമ്മല ഗ്രാമപഞ്ചായത്ത്. പി.ഒ. നെടുമങ്ങാട് | പി.ഡബ്ല്യു.ഡി | കാട്ടിലക്കുഴി-കല്ലണ റോഡ് നിർമ്മാണം | 34,35,000 | 1,00,00,000/ | പൂർത്തീകരിച്ചു |
| | | | കല്ലണ ഇയ്യക്കോട് റോഡ് നിർമ്മാണം | 7,80,000 | | പൂർത്തീകരിച്ചു |
| | | | ഇയ്യക്കോട്-ചെന്നെല്ലിമൂട്-മുത്തിപ്പാറ റോഡ് നിർമ്മാണം. | 57,85,000 | | പൂർത്തീകരിച്ചു |

(signature)

സെക്ഷൻ ഓഫീസർ